# പ്രതിഷേധ പ്രമേയം

കേരള സർക്കാരും സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷനും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന കേരള ചർച്ച് ആൻഡ് പ്രോപ്പർട്ടീസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ബിൽ 2019 ഗൂഢലക്ഷ്യത്തോടെയുള്ളതാണ്. സുതാര്യമായും, നിയമവിധേയമായും - ഇടവകതലം, ഭദ്രാസനതലം, സഭാതലം എന്നിങ്ങനെ - ത്രിതല സംവിധാനത്തിൽ ഭരിക്കപ്പെടുകയും സാമ്പത്തിക സംവിധാന ക്രമീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള മലങ്കരസഭയുടെ ഭരണക്രമത്തെ തകിടം മറിക്കുന്നതാണ് ഈ ബില്ല്. ചില തൽപരകക്ഷികളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപിത താത്പര്യങ്ങൾ ക്രിസ്ത്യൻ സമുദായങ്ങളുടെമേൽ അടിച്ചേൽപിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഇതിനു പിന്നിലുള്ളത്. രാജ്യത്തെ സിവിൽ കോടതികളുടെ പരിഗണനയ്ക്ക് വിധേയമാക്കാവുന്ന കാര്യങ്ങളെല്ലാം സർക്കാർ നിയമിക്കുന്ന ചോദ്യം ചെയ്യപ്പെടാനാവാത്ത ഒരു ട്രിബ്യൂണലിന്റെ അധികാര പരിധിയിൽ കൊണ്ടുവരാനുള്ള ശ്രമം അപലപനീയമാണ്. 1934-ലെ ഭരണഘടനയും, ആ ഭരണഘടന അംഗീകരിച്ച സുപ്രീം കോടതിവിധികളും അസാധുവാക്കുന്നതിനുള്ള ശ്രമംകൂടിയാണ് ഈ ബില്ലിന്റെ രൂപീകരണത്തിന്റെ പിന്നിൽ നടക്കുന്നത്. ഈ ചർച്ച് ബില്ലും അതിന്റെ വകുപ്പുകളും സഭാ ഭരണത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ന്യൂനപക്ഷാവകാശങ്ങളുടെയും മുകളിലുള്ള അധിനിവേശമാണ്. കേരള ചർച്ച് ബിൽ മത ന്യൂനപക്ഷങ്ങൾക്ക് ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലീകാവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും നഗ്നമായ ലംഘനമാണ്. സർക്കാരിന്റെയും നിയമപരിഷ്കരണ കമ്മീഷന്റെയും നടപടിയിൽ ഈ ഇടവകയുടെ ശക്തമായ പ്രതിഷേധം അറിയിക്കുകയും ഇപ്രകാരമൊരു ബില്ല് സംബന്ധിച്ച തുടർപ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിയണമെന്ന് സർക്കാരിനോടും കമ്മീഷനോടും ആവശ്യപ്പെടുകയും ചെയ്യുന്നു.

അവതാരകൻ:

അനുവാദകൻ:

(പ്രമേയം പാസ്സാക്കി അതിന്റെ പകർപ്പ് ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും അയച്ചുകൊടുക്കേണ്ടതും ഒരു പകർപ്പ് catholicos@mosc.in എന്ന ഇ-മെയിൽ വിലാസത്തിലോ സാധാരണതപാലിലോ പരിശുദ്ധ ബാവാ തിരുമേനിയുടെ പേർക്ക് അയച്ചുതരേണ്ടതുമാണ്. )